"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - **സംരംഭക സഭ** എന്ന പ്രോഗ്രാം സംരംഭക വർഷം 3.0 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിനുള്ള പ്രൊപോസൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ ( ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.939/2024/ID തീയതി,തിരുവനന്തപുരം, 27-09-2024

---

പരാമർശം:- വ്യവസായ വാണിജ്യവകുപ്പ് ഡയറക്ടറുടെ 16.08.2024 ലെ ഡിഐസി/3951/2024- TC- T4 നം.കത്ത്

**ഉത്തരവ്**

2022-23 സാമ്പത്തിക വർഷം സർക്കാർ സംരംഭക വർഷം ആയി പ്രഖ്യാപിച്ചിരുന്നു. സംരംഭക വർഷം 3.0 2024-25 സാമ്പത്തിക വർഷവും വ്യവസായ വകുപ്പ് തുടർന്നുകൊണ്ടു പോകുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ പ്രാദേശിക തലത്തിലുള്ള സംരംഭക ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് വേണ്ടി തദ്ദേശസ്വയംഭരണ വകുപ്പും വ്യവസായ വാണിജ്യവകുപ്പും സംയുക്തമായി ചേർന്ന് **സംരംഭക സഭ** എന്ന പ്രോഗ്രാം സംരംഭക വർഷം 3.0 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്നും സംരംകരുടെ പ്രശ്നങ്ങൾക്ക് പ്രാദേശിക തലത്തിൽ പരിഹാരം കാണുന്നതിനും അവർക്കു സഹായകരമാകുന്ന വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളെ പരിചയപ്പെടുത്തുന്നതിനും വേണ്ടി സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ഈ പ്രോഗ്രാം നടത്തുവാൻ ലക്ഷ്യമിടുന്നുവെന്നും ആയതിനാൽ സംരംഭക സഭ രൂപീകരിക്കുന്നതിനുള്ള പ്രൊപോസൽ അംഗീകരിക്കണമെന്നും അഭ്യർത്ഥിച്ചു കൊണ്ട് വ്യവസായ വാണിജ്യ ഡയറക്ടർ ഒരു പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംരംഭക വർഷം 3.0 - യുടെ ഭാഗമായി വ്യവസായ വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ പങ്കാളിത്തത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന "സംരംഭക സഭ" പരിപാടിയുടെ താഴെപ്പറയുന്ന പ്രൊപോസൽ അംഗീകരികരിച്ച് ഉത്തരവാകുന്നു.

**സംരംഭക സഭ 2024- പ്രൊപോസൽ**

**ആമുഖം**

2022-23 സംരംഭകവർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 1,39,840 പുതിയ സംരംഭങ്ങൾ, 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ, രജിസ്റ്റർ ചെയ്തു. ഈ പദ്ധതിയുടെ തുടർച്ചയെന്നോണം സംരംഭകവർഷം 2.0 എന്ന പേരിൽ നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി 1,03,596 പുതിയ സംരംഭങ്ങൾ, 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ, രജിസ്റ്റർ ചെയ്തു. തുടർന്ന് 2024-25 സാമ്പത്തിക വർഷം 1 ലക്ഷം സംരംഭങ്ങൾ ആരംഭിക്കുക എന്ന പദ്ധതി "സംരംഭകവർഷം 3.0''

എന്ന പേരിൽ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു.

ഇപ്രകാരം കേരളത്തിലെ ഓരോ പഞ്ചായത്തിലും ശരാശരി 250-ൽ പരം സംരംഭങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്. സംരംഭങ്ങൾക്ക് കൂടുതൽ ഉത്തേജനം പകരുവാൻ വേണ്ടി സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും രൂപീകരിച്ച പുതിയ സംരംഭങ്ങളുടെയും, അതിനു മുൻപ് മുതൽക്കേ പ്രവർത്തിച്ചു പോരുന്ന സംരംഭങ്ങളുടെയും പ്രതിനിധികളുടെ ഒരു യോഗം "സംരംഭക സഭ" എന്ന പേരിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു.

**സംരംഭക സഭയുടെ ഉദ്ദേശലക്ഷ്യങ്ങൾ**

1. ഓരോ പഞ്ചായത്തിലും നിലവിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ ഒരു കൂട്ടായ്മ രൂപീകരിക്കുക.
2. സംരംഭകർക്ക് വ്യവസായ വകുപ്പിന്റെയും മറ്റു അനുബന്ധ വകുപ്പുകളുടെയും വിവിധ സംരംഭകത്വ പ്രോത്സാഹന പദ്ധതികളെയും സേവനങ്ങളെയും കുറിച്ചുള്ള ബോധവത്ക്കരണം നടത്തുക.
3. സംരംഭകർക്കുള്ള വിവിധ ആവശ്യങ്ങൾ (ലോൺ/ലൈസൻസ്/സബ്സിഡി/ ഇൻഷുറൻസ് മുതലായവ) നിറവേറ്റുവാൻ വേണ്ടി പ്രാദേശിക ബാങ്കുകൾ, ഇൻഷുറൻസ് സേവനദാതാക്കൾ എന്നിവരുമായി സഹകരിക്കുവാൻ എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളുടെ സേവനം ലഭ്യമാക്കുക.
4. സംരംഭകരിൽ നിന്നും പോളിസി നിർമ്മാണ തലത്തിൽ ഉപയോഗിക്കാവുന്ന തരത്തിലുള്ള ഫീഡ്ബാക്ക് എടുക്കുക.
5. പ്രാദേശിക തലത്തിലുള്ള സംരംഭക ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് വേണ്ട ഫീഡ്ബാക്കും നടപടികളും സ്വീകരിക്കുക.
6. സംരംഭകരുടെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുള്ള ആവശ്യങ്ങൾക്കായി അതാത് വകുപ്പുകളുടെ പ്രതിനിധികൾ വകുപ്പ് തലത്തിലുള്ള ബോധവത്കരണം നടത്തുക.
7. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ലോക്കൽ ഇക്കണോമിക് ഡെവലപ്മെന്റ് (LED) പദ്ധതി, മാർക്കറ്റിംഗ് സഹായ പദ്ധതികൾ മുതലായവയെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ സംരംഭകരുമായി ഏകോപനം നടത്തുക.
8. സംരംഭകർ പൊതുവായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കുള്ള ഉചിതമായ പരിഹാര നടപടികളും നിർദ്ദേശങ്ങളും കണ്ടെത്തുവാൻ സംരംഭകരും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും (KSEB, മൈനിംഗ്&ജിയോളജി, ലേബർ, പരിസ്ഥിതി, ICAI, ലീഡ് ബാങ്ക്, സഹകരണ ബാങ്ക്, മറ്റു ബാങ്കുകൾ etc) പ്രതിനിധികളും ഉദ്യോഗസ്ഥരുമായുള്ള ചർച്ച നടത്തുക.
9. K-SWIFT Acknowledgement, UDYAM രജിസ്ട്രേഷൻ എന്നിവ ലഭ്യമാക്കുവാൻ ഹെൽപ് ഡെസ്ക് സംവിധാനം രൂപീകരിക്കുക.

**സംരംഭക സഭയുടെ ടൈംലൈൻ**

| ക്രമ നം. | സമയക്രമം | പ്രവർത്തനം |
|---|---|---|

| | | |
|---|---|---|
| 1 | ഓഗസ്റ്റ് 2024 | • സംരംഭകസഭ സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.<br>• എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാർക്കും സംരംഭക സഭയുമായി ബന്ധപ്പെട്ട ബോധവത്ക്കരണം. |
| 2 | സെപ്റ്റംബർ 2024 | • സഭ നടത്തിപ്പ് ഏകോപനത്തിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മീറ്റിംഗ്.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗ്.<br>• സംരംഭക സഭ സംസ്ഥാനതല ഉദ്ഘാടനം.<br>• സംരംഭക സഭ ജില്ലാതല ഉദ്ഘാടനം. |
| 3 | ഒക്ടോബർ 2024 | എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സംരംഭക സഭ സംഘടിപ്പിക്കൽ. |
| 4 | നവംബർ 2024 | സഭ നടത്തിപ്പിന്റെ സംസ്ഥാനതലത്തിലുള്ള അവലോകനം. |

**സംരംഭകസഭയുടെ ഭാഗമായുള്ള കമ്മിറ്റികൾ**

സംരംഭക സഭയുടെ ഏകോപനം, സൂപ്പർവൈസിങ്, മോണിറ്ററിങ്, നിർവഹണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി താഴെ പറയുന്ന കമ്മിറ്റികൾ ശുപാർശ ചെയ്യുന്നു.

**I. ജില്ലാതല ഉപദേശക കമ്മിറ്റി**

**അധ്യക്ഷൻ : ജില്ലയുടെ ചുമതലയുള്ള മന്ത്രി**

**കൺവീനർ : ജില്ലാ കളക്ടർ**

അംഗങ്ങൾ:

1. ജില്ലയിലെ നിയമസഭാ സാമാജികർ

2. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

3. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം

4. ലീഡ് ബാങ്ക് മാനേജർ

**കമ്മിറ്റിയുടെ പ്രധാന ചുമതലകളും ഉത്തരവാദിത്വങ്ങളും**

1. ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും സംരംഭക സഭയുടെ സുഗമമായ നടത്തിപ്പിന് എല്ലാ വകുപ്പുകളുടെയും പൂർണ പിന്തുണ ഉറപ്പ് വരുത്തുക.

2 . പ്രോഗ്രാം നടത്തിപ്പ് സംബന്ധിച്ച് ജില്ലയിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും വേണ്ട നിർദേശങ്ങൾ നൽകുക.

**<u>II.ജില്ലാ തല ഏകോപന കമ്മിറ്റി</u>**

**അധ്യക്ഷൻ : ജില്ലാ കളക്ടർ**

**കൺവീനർ : ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം**

അംഗങ്ങൾ

1. ജില്ലാ പഞ്ചായത്തിലെ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ
2. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
3. ജോയിന്റ് രജിസ്ട്രാർ, സഹകരണ വകുപ്പ്.
4. ജില്ലാ പഞ്ചായത്ത് സെക്രട്ടറി.
5. മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം.
6. ലീഡ് ഡിസ്ട്രിക്ട് മാനേജർ.

**കമ്മിറ്റിയുടെ പ്രധാന ചുമതലകളും ഉത്തരവാദിത്വങ്ങളും**

1. പ്രോഗ്രാമിന്റെ ജില്ലാതല ഉദ്ഘാടനം സംഘടിപ്പിക്കുക.
2. പ്രോഗ്രാമിന്റെ ഉദ്ഘാടനത്തിനായി ജില്ലയിലെ ത്രിതല പഞ്ചായത്ത് തലത്തിലെ പ്രസിഡന്റുമാർ, സെക്രട്ടറിമാർ, KSEB, PCB, മൈനിംഗ് & ജിയോളജി, ലേബർ, പരിസ്ഥിതി, വ്യവസായം മുതലായ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ, ലീഡ് ബാങ്ക്, ഇൻഷുറൻസ് സേവന കമ്പനികളുടെ പ്രതിനിധികൾ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക.
3. സംരംഭക സഭ പ്രോഗ്രാം നടത്തിപ്പ് സംബന്ധിച്ച് ജില്ലയിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും ഏകോപനം ഉറപ്പാക്കുന്നതിന് കളക്ടറുടെ നേതൃത്വത്തിൽ മീറ്റിംഗ് കൂടുക.
4. ജില്ലാ തലത്തിൽ പ്രോഗ്രാം മോണിറ്റർ ചെയ്യുക.
5. പ്രോഗ്രാമിന്റെ വിജയകരമായ സംഘാടനത്തിനു വേണ്ട നടപടികൾ സ്വീകരിക്കുക.
6. സംരംഭക സഭയുടെ ജില്ലാ തലത്തിൽ ഉള്ള അവലോകനം ചെയ്യുക.

ജില്ലാ കമ്മിറ്റി കൂടേണ്ട ടൈം ലൈൻ

| ക്രമ നം. | സമയക്രമം | പ്രവർത്തനം |
|---|---|---|
| 1 | സെപ്റ്റംബർ 2024 | സഭ നടത്തിപ്പ് ഏകോപനത്തിനായി ജില്ലാ കളക്ടറുടെ |

| | | |
|---|---|---|
| | | നേതൃത്വത്തിൽ മീറ്റിംഗ് സംഘടിപ്പിക്കുക. |
| 2 | ഒക്ടോബർ 2024 | എല്ലാ പഞ്ചായത്തിലും സംരംഭക സഭയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട മോണിറ്ററിങ് ചെയ്യുക. |
| 3 | നവംബർ 2024 | സഭ നടത്തിപ്പിന്റെ ജില്ലാ തലത്തിലുള്ള അവലോകനം നടത്തുക. |

**<u>III. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മോണിറ്ററിങ് കമ്മിറ്റി</u>**

**അധ്യക്ഷൻ :ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ**

**കൺവീനർ : ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർ (IEO)**

**അംഗങ്ങൾ**

1. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ.
2. സി.ഡി.എസ്. ചെയർ പേഴ്സൺ
3. എന്റർപ്രൈസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ് (EDE)
4. തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തുള്ള ലീഡ് ബാങ്ക് പ്രതിനിധി
5. തദ്ദേശ സ്വയംഭരണ സ്ഥാപനപ്രദേശത്തെ സഹകരണ ബാങ്ക് പ്രതിനിധി
6. കമ്മിറ്റിയുടെ പ്രവർത്തനത്തിന് അഭികാമ്യമായ നോമിനേറ്റ് ചെയ്യുന്ന മറ്റു അംഗങ്ങൾ

**കമ്മിറ്റിയുടെ പ്രധാന ചുമതലകളും ഉത്തരവാദിത്വങ്ങളും**

1. പ്രോഗ്രാമിന്റെ തദ്ദേശ സ്ഥാപനതല ഉദ്ഘാടനം നിർവഹിക്കുക
2. സംരംഭകരുമായുള്ള ചർച്ചയിൽ പങ്കെടുക്കുവാൻ വേണ്ടി അതാതു വകുപ്പിലെ ഉദ്യോഗസ്ഥരുടെ സാനിധ്യം ഉറപ്പു വരുത്തുക
3. ബന്ധപ്പെട്ട തദ്ദേശ സ്ഥാപന തലത്തിൽ പ്രോഗ്രാമിന് വേണ്ട പ്രചാരണം നൽകൽ
4. ബന്ധപ്പെട്ട മറ്റു വകുപ്പുകൾ, പ്രാദേശിക ബാങ്കുകൾ, ഇൻഷുറൻസ് സേവന കമ്പനികൾ എന്നിവയുടെ പ്രതിനിധികളെ സഹകരിപ്പിച്ച് ലോൺ/ലൈസൻസ്/സബ്സിഡി/ ഇൻഷുറൻസ് മേളക്ക് നേതൃത്വം നൽകൽ
5. സംരംഭക സഭയുടെ വിജയകരമായ നടത്തിപ്പിന് വേണ്ട എല്ലാ സംവിധാനങ്ങളും ഒരുക്കുക.
6. പ്രോഗ്രാമിന് ശേഷം അതിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക.

**തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കമ്മിറ്റി കൂടേണ്ട ടൈംലൈൻ**

| ക്രമ നം. | സമയക്രമം | പ്രവർത്തനം |
|---|---|---|
| 1 | സെപ്റ്റംബർ 2024 | സഭ നടത്തിപ്പുമായി ബന്ധപ്പെട്ട് ആസൂത്രണ മീറ്റിംഗ് സംഘടിപ്പിക്കുക. |
| 2 | ഒക്ടോബർ 2024 | പ്രാദേശിക തലത്തിൽ സംരംഭക സഭയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ മോണിറ്റർ ചെയ്യുക. |
| 3 | നവംബർ 2024 | സഭ നടത്തിപ്പിന്റെ തദ്ദേശ സ്ഥാപന തലത്തിലുള്ള അവലോകനം നടത്തുക. |

**സംരംഭക സഭയുമായി ബന്ധപ്പെട്ട് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടത്തേണ്ട പ്രവർത്തനങ്ങൾ**

സംരംഭക സഭയുടെ അവലോകനം നടത്തുന്നതിനായി ചുവടെ പറയുന്ന നടപടികൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്വീകരിക്കുക.

1. പ്രസ്തുത പഞ്ചായത്തിൽ സംരംഭക സഭയിൽ പങ്കെടുത്ത സംരംഭകരുടെ വിശദാംശങ്ങൾ ശേഖരിക്കുക.
2. പോളിസി രൂപീകരണത്തിന് സഹായകരമാകുന്ന നിർദേശങ്ങൾ ഏകോപിപ്പിച്ചു നൽകുക.
3. പ്രാദേശികമായി പരിഹരിക്കാവുന്ന പ്രശ്നങ്ങൾ ഉടനെ പരിഹരിക്കുക
4. സംരംഭക സഭയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സ്വീകരിച്ച പ്രത്യേക നടപടികൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ റിപ്പോർട്ട് ചെയ്യുക.
5. ലോൺ/ലൈസൻസ്/സബ്സിഡി/ ഇൻഷുറൻസ് മേളയുടെ ഭാഗമായി ഉള്ള വിവരങ്ങൾ ഏകോപിപ്പിച്ച് നൽകുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

വ്യവസായ വാണിജ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്/ A& E ) തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ- ബിപ്പ്, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ വകുപ്പ്
ധനകാര്യ വകുപ്പ്
വിവര പൊതുജനസമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Anilkumar P
സെക്ഷൻ ഓഫീസർ
Date: 27-09-2024 14:57:09

പകർപ്പ്: ബഹു.നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.തദ്ദേശസ്വയംഭരണ- എക്സൈസ് -പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്